**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1225** **07-02-2023 - ൽ മറുപടിയ്ക്ക്**

**നെടുമങ്ങാട് മഞ്ച-അരുവിക്കര-വെള്ളനാട് കുളക്കോട് റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര നിയോജക മണ്ഡലത്തിലെ നെടുമങ്ങാട് മഞ്ച-അരുവിക്കര-വെള്ളനാട് കുളക്കോട് റോഡ് നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ? | (എ) | അരുവിക്കര നിയോജക മണ്ഡലത്തിലെ നെടുമങ്ങാട് – മഞ്ച – അരുവിക്കര – വെള്ളനാട് കുളക്കോട് റോഡ് പ്രവൃത്തിക്ക് 20-08-2016-ൽ തത്വത്തിൽ ഭരണാനുമതിയും 26-07-2017 ൽ 41.60 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. നെടുമങ്ങാട് മുതൽ അരുവിക്കര മുള്ളലവൻമൂട് വരെയുള്ള റീച്ച് - I ന്റെ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള അതിർത്തി കല്ലുകൾ ഇടുന്ന പ്രവൃത്തികൾ നടന്നു വരുന്നു. കുളക്കോട് മുതൽ അരുവിക്കര വരെയുള്ള റീച്ച് - II – FDR പദ്ധതിയിൽ ഉൾപ്പെടുത്തി 19-04-2022-ൽ ടെൻഡർ ചെയ്യുകയും ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ LSR Infracon എന്ന കമ്പനിക്ക് 67.94 കോടി രൂപയുടെ കരാർ നൽകുന്നതിന്, 21-10-2022-ൽ നടന്ന 37-മത്തെ ടെൻഡർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുമുണ്ട്. 02.02.2023 -ൽ കരാറുകാരന് LoA നൽകി കരാർ ഉടമ്പടിയുടെ തുടർ നടപടികൾ നടന്നുവരുന്നു. വാട്ടർ അതോറിറ്റിയുടെയും കെ.എസ്.ഇ.ബി യുടെയും യൂട്ടിലിറ്റി മാറ്റുന്നതിനു ആവശ്യമായ തുക അനുവദിക്കുന്നതിന് കിഫ്ബിയിൽ സമർപ്പിക്കുകയും അതിന്റെ തുടർനടപടികൾ നടന്നു വരികയുമാണ്. ടി വർക്കിന്റെ പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ